LIBRARY ARCHIVES Kerala Legislative Assembly

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമപ്രകാരം പ്രസ്തുത ഫണ്ട് ട്രഷറി അലോട്ട്മെന്റായി വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ മുഖാന്തിരം ബന്ധപ്പെട്ട സ്കൂളുകൾക്ക് ലഭ്യമാക്കുകയും ട്രഷറി അലോട്ട്മെന്റായി ലഭിക്കുന്ന പ്രസ്തുത ഫണ്ട് 2021 മാർച്ച് മാസം മുൻകൂറായിമാറി സ്കൂളുകളുടെ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് പ്രഥമാദ്ധ്യാപകർക്ക് അനുമതി നൽകുകയും ചെയ്തിരുന്നു. ആകെ അലോട്ട് ചെയ്ത 13,766.69 ലക്ഷം രൂപയിൽ കുറച്ച് രൂപയുടെ ബില്ലുകൾ ചില സ്കൂളുകൾ മാറി തങ്ങളുടെ സ്പെഷ്യൽ ടി.എസ്.ബി.-അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഭൂരിഭാഗം ബില്ലുകളും 2020-21 സാമ്പത്തിക വർഷത്തിന്റെ അവസാന ദിനങ്ങളിൽ സമർപ്പിക്കപ്പെട്ടതിനാൽ ട്രഷറിയിൽ പാസ്സാക്കപ്പെടാത്ത 12,471.48 ലക്ഷം രൂപ ഇലക്ട്രോണിക്ക് ലെഡ്ജർ അക്കൗണ്ടിലേയ്ക്ക് പോസ്റ്റ് ചെയ്തിട്ടുണ്ട്.

മലബാർ മേഖലയിൽ അഞ്ച് ജില്ലകളിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ

155(4165) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ അഞ്ച് ജില്ലകളിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഗണിച്ച് സർക്കാർ പുറപ്പെടുവിച്ച G.O.(P) No. 107/07/G.Edn ഉത്തരവ് പിൻവലിക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ;

(ബി) വിദഗ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇറക്കിയ ഉത്തരവ് മാറ്റുന്നതിനുമുമ്പ് വിദഗ്ധ സമിതിയുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോയെന്നറിയിക്കാമോ?

(എ&ബി) വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനത്തിലെ ഉയർന്ന പ്രായപരിധിയിൽ ഇളവ്

156(4166) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 അധ്യയനവർഷം എല്ലാ യോഗ്യതയും നേടി എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനം കാത്തിരുന്ന നിരവധി ഉദ്യോഗാർത്ഥികൾക്ക് കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ നിയമനങ്ങൾ നടക്കാതെ വന്നതിനാൽ പ്രായപരിധി കഴിഞ്ഞതായ പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏത് രീതിയിൽ ഈ പ്രശ്നം പരിഹരിക്കും എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2021-22 നടപ്പുവർഷം നിയമനങ്ങൾ നടക്കുമ്പോൾ അദ്ധ്യാപക നിയമനത്തിന്റെ മാനദണ്ഡത്തിലെ ഉയർന്ന പ്രായപരിധിയായ നാൽപ്പത് വയസ്സ് പൂർത്തിയായി കഴിഞ്ഞതിനാൽ ഇവരെ അദ്ധ്യാപക നിയമനത്തിന് പരിഗണിക്കുന്നില്ലെന്ന പ്രശ്നം പരിഹരിക്കുന്നതിനായി അനുഭാവപൂർണമായ നടപടി സ്വീകരിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2020-21 അദ്ധ്യയന വർഷം നിയമനം ലഭിച്ചവർക്ക് കോവിഡ്-19 കാരണം നിയമനാംഗീകാരം ലഭിക്കാതെപോയ അദ്ധ്യാപകർക്ക് വയസ്സിളവ് നൽകണമെന്ന ആവശ്യം പരിശോധിച്ചുവരുന്നു.

ഓൺലൈൻ പഠനം നടത്താൻ കഴിയാത്ത കുട്ടികൾ

157(4167) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2020-21 അദ്ധ്യയന വർഷത്തിൽ പഠനോപകരണങ്ങൾ ഇല്ലാത്തതിന്റെ പേരിൽ ഓൺലൈൻ പഠനം നടത്താൻ കഴിയാത്ത എത്ര കുട്ടികൾ ഉണ്ടായിരുന്നെന്ന് വ്യക്തമാക്കാമോ;

2020-21 അദ്ധ്യയന വർഷത്തിൽ സ്കൂൾ തുറക്കാത്ത സാഹചര്യത്തിൽ വിക്ടേഴ്സ് ചാനൽ വഴി ഡിജിറ്റൽ ക്ലാസ്സുകളാണ് കുട്ടികൾക്ക് നൽകിയത്. അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽ ടെലിവിഷൻ ഇല്ലാത്ത വിക്ടേഴ്സ് ചാനൽവഴി ക്ലാസ്സുകൾ കാണാൻ കഴിയാത്ത കുട്ടികൾ ഉണ്ടായിരുന്നെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, സന്നദ്ധ സംഘടനകൾ, സർക്കാരിതര ഏജൻസികൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ, സ്കൂൾ അധികൃതർ, പി.ടി.എ/എസ്.എം.സി. തുടങ്ങിയവരുടെ സഹായ സഹകരണത്തോടെ ടെലിവിഷൻ വിതരണം ചെയ്യുകയും കൂടാതെ അയൽപക്ക പഠന കേന്ദ്രങ്ങളും, ഊരു വിദ്യാ കേന്ദ്രങ്ങളും ഒരുക്കി എല്ലാ കുട്ടികൾക്കും ജൂൺ അവസാനത്തോടെ ഡിജിറ്റൽ പഠനം സാധ്യമാക്കുകയും ചെയ്തിരുന്നു.

ഹയർ സെക്കണ്ടറി പഠനം

158(4168) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. പരീക്ഷ റിസൾട്ടിന് ആനുപാതികമായി ഉപരിപഠനത്തിനുള്ള സീറ്റുകൾ പര്യാപ്തമാണോയെന്ന് വിശകലനം ചെയ്യുന്ന സാഹചര്യത്തിൽ ഐ.ടി.ഐ.-കളിലെ ദ്വിവത്സര കോഴ്സുകൾക്ക് പ്ലസ് ടു തുല്യത ഉണ്ടെന്ന കേന്ദ്രസർക്കാർ ഉത്തരവിന്റെ സാധുതകൂടി പരിശോധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;